I ഇ.ബി. XV - കേരള നിയമസഭ/III-14

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 29, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ശ്രദ്ധക്ഷണിക്കൽ

(1) കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. ഇ. കെ. വിജയൻ: പ്രളയവും കാലവർഷക്കെടുതിയുംമൂലം കാർഷിക മേഖലയിൽ വ്യാപകമായ നാശനഷ്ടം സംഭവിച്ച് പ്രതിസന്ധിയിലായ കർഷകർക്ക് അടിയന്തരമായി നഷ്ടപരിഹാരം

നൽകണം. വിത്തും വളവും നൽകി വീണ്ടും കൃഷിയിടം സജ്ജമാക്കുന്നതിന് സമയബന്ധിതമായി ധനസഹായം നൽകാൻ കൃഷിവകുപ്പ് ഡയറക്ടറുടെ പേരിൽ സഞ്ചിത നിധി രൂപീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): പ്രളയവും കാലവർഷക്കെടുതിയുംമൂലം സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശം സംഭവിക്കുകയും കൃഷിഭൂമി പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെടുകയും ചെയ്ത സാഹചര്യത്തിൽ നാശനഷ്ടത്തിന്റെ കണക്ക് തിട്ടപ്പെടുത്തുന്നതിനും നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും നഷ്ടപരിഹാരം അനുവദിക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ എയിംസ് പോർട്ടൽ ഇതിനായി സജ്ജമാക്കിയിട്ടുണ്ട്. സമയബന്ധിതമായി കർഷകർക്ക് ധനസഹായം നൽകുന്നതിനായി സഞ്ചിത നിധി രൂപീകരിക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(2)അങ്കണവാടി ജീവനക്കാരുടെ വേതന പരിഷ്കരണം

ശ്രീ. പി. സി. വിഷ്ണുനാഥ് : അങ്കണവാടി ജീവനക്കാരുടെ ഓണറേറിയവും ഇൻക്രിമെന്റും റിട്ടയർമെന്റ് ആനുകൂല്യവും പെൻഷനും വർദ്ധിപ്പിക്കാനും ഇവരുടെ പ്രൊമോഷൻ ഡിപ്പാർട്ടുമെന്റ് ടെസ്റ്റുവഴി

നടത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): പത്ത് വർഷത്തിൽ താഴെ സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകർക്ക് 500 രൂപയും പത്ത് വർഷത്തിലധികം സേവനകാലയളവുള്ളവർക്ക് 1,000 രൂപയും വീതം പ്രതിമാസ വർദ്ധനവ് വരുത്തുന്നതിനെക്കുറിച്ച് സർക്കാർ പരിശോധിക്കുന്നുണ്ട്. അങ്കണവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായ പരിഷ്കാരത്തിലൂടെ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇവരുടെ പ്രൊമോഷൻ ഡിപ്പാർട്ടുമെന്റ് ടെസ്റ്റുവഴി നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## II. സബ്മിഷൻ

### (1) തൃക്കാക്കര കേന്ദ്രീയ വിദ്യാലയത്തിന് സ്ഥലം

ശ്രീ. പി. ടി. തോമസ്: തൃക്കാക്കര നിയോജകമണ്ഡലത്തിൽ ലഭ്യമായ സ്ഥലത്ത് കേന്ദ്രീയ വിദ്യാലയം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): തൃക്കാക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച

കേന്ദ്രീയ വിദ്യാലയം യാഥാർത്ഥ്യമാക്കുന്നതിന് കാക്കനാട് വില്ലേജിൽ 3.618 ഹെക്ടർ ഭൂമി കണ്ടെത്തിയെങ്കിലും ബി.റ്റി.ആർ. പ്രകാരം കുളം പുറമ്പോക്കെന്ന വിഭാഗത്തിൽപ്പെട്ടതിനാൽ നിർമ്മാണാനുമതി ലഭിക്കുന്ന കാര്യത്തിൽ വിശദമായ നിയമ പരിശോധന നടത്തിമാത്രമേ റവന്യൂ വകുപ്പിന് അന്തിമ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(2) ഡി.എൽ.എഡ്. കോഴ്സ് നോട്ടിഫിക്കേഷൻ

ശ്രീ. മോൻസ് ജോസഫ്: ഡി.എൽ.എഡ്. കോഴ്സിന്റെ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് അഡ്മിഷൻ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): എൻ.സി.ടി.ഇ. മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കാത്ത സംസ്ഥാനത്തെ 20 ഗവൺമെന്റ് എയ്ഡഡ് റ്റി.റ്റി.ഐ-.യിലെ ഡി.എൽ.എഡ് കോഴ്സിന്റെ അഡ്മിഷൻ നിർത്തിവയ്ക്കണമെന്ന് എൻ.സി.ഇ.ആർ.ടി. അറിയിച്ചിട്ടുണ്ട്.

### (3) വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം

ശ്രീ. വി. കെ. പ്രശാന്ത് : വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): വട്ടിയൂർക്കാവ് വികസനത്തിനായി 100 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി 95 കോടി രൂപ അനുവദിക്കുകയും 50 ലക്ഷം രൂപ കണ്ടിജൻസി ചാർജ്ജിനത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. അതിരുകല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും റവന്യൂ വിഭാഗം പൂർത്തിയാക്കിയിട്ടുണ്ട്. ശാസ്തമംഗലം മുതൽ മണ്ണറക്കോണം വരെയുള്ള ആറ് റീച്ചിന്റെ കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കുകയും രണ്ട് റീച്ചുകളുടെ മൂല്യനിർണ്ണയം പുരോഗമിക്കുകയുമാണ്. ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം സംബന്ധിച്ച് ട്രിഡയും തദ്ദേശസ്വയംഭരണ വകുപ്പും കിഫ്ബിയും തമ്മിൽ ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

(4) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസനം

ശ്രീ. പി. നന്ദകുമാർ: പൊന്നാനിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): പൊന്നാനിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ച് പരിശോധിക്കുന്നതാണ്. എൻ.എച്ച്.എം. വഴി അനുവദിച്ചിട്ടുള്ള ഒരു കോടി ഇരുപത് ലക്ഷം രൂപ ചെലവഴിച്ചുകൊണ്ടുള്ള ബ്ലഡ് കംപോണന്റ് യൂണിറ്റിന്റെ നിർമ്മാണപൂർത്തീകരണവും ഓക്സിജൻ പ്ലാന്റ്, സ്വിവറേജ് പ്ലാന്റ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികളും നടന്നുവരുന്നു. നഗരസഭ ഒരു കോടിയിലധികം രൂപ ആശുപത്രിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്.

## III. റിപ്പോർട്ട് സമർപ്പണം

2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021-ലെ കേരള

സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിച്ചു.

## IV. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ
(ii) 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ
(iii) 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബില്ലും 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലും 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): വിയോജിപ്പ് രേഖപ്പെടുത്തുന്നു. കെടുകാര്യസ്ഥതയും ധനകാര്യ മാനേജ്മെന്റിന്റെ പരാജയവും കാരണം

സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗം പൂർണ്ണമായും തകർന്നിരിക്കുകയാണ്. 2016 മാർച്ചിൽ 1.67 ലക്ഷം കോടി രൂപയായിരുന്ന പൊതുകടം മൂന്ന് ലക്ഷം കോടി രൂപയിലധികമായി വർദ്ധിച്ചിട്ടുണ്ട്. ജൂൺ മാസത്തിൽ പന്ത്രണ്ട് ദിവസം സംസ്ഥാനം ഓവർഡ്രാഫ്റ്റിലായിരുന്നുവെന്നത് സംസ്ഥാനത്തിന്റെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലേയ്ക്ക് വിരൽ ചൂണ്ടുന്നതും സാമ്പത്തിക വളർച്ചയിൽ ഇടിവുമാണ് രേഖപ്പെടുത്തുന്നത്. സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതിയും മാന്ദ്യ വിരുദ്ധ പാക്കേജും ഏത് ഘട്ടത്തിലാണെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കടം തിരിച്ചടയ്ക്കുന്നതിനുള്ള നടപടികളെടുക്കാൻ സർക്കാരിന് സാധിക്കുന്നില്ല. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തിന്റെ പൊതുതാത്പര്യം ഹനിച്ചുകൊണ്ട് വായ്പാ പരിധി ഉയർത്തുന്നതിനോട് യോജിക്കാൻ സാധിക്കില്ല. കടബാദ്ധ്യത വർദ്ധിച്ചിട്ടും മൂലധനച്ചെലവിൽ വർദ്ധനവുണ്ടാകുകയോ സാമ്പത്തിക അച്ചടക്കത്തോടെ ചെലവുകൾ ക്രമീകരിക്കുന്നതിനുള്ള നയസമീപനമോ ഉണ്ടാകുന്നില്ല.

സംസ്ഥാനത്തിന്റെ മൊത്തം വാർഷിക വരുമാനത്തിന്റെ 18.35 ശതമാനം തുക പലിശ നൽകുന്നതിനാണ് ഉപയോഗിക്കുന്നത്. നികുതി വരുമാനത്തിലുണ്ടാകുന്ന കുറവും റവന്യൂ ചെലവിലെ വർദ്ധനവും സംസ്ഥാനത്തെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ജി.എസ്.ടി. സംവിധാനം കാര്യക്ഷമമാക്കാൻ കഴിയാത്തതും നികുതി പിരിവിലെ പോരായ്മകളും സൃഷ്ടിച്ച ധനപ്രതിസന്ധി വലുതാണ്. ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. കേന്ദ്രസർക്കാർ വാക്സിൻ ലഭ്യമാക്കിയതിനെത്തുടർന്ന് സംസ്ഥാന ബഡ്ജറ്റിൽ വാക്സിൻ വിതരണത്തിന് വകയിരുത്തിയ 1,000 കോടി രൂപ പുതിയ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിനിയോഗിക്കണം. കിഫ്ബിയുടെ വാർഷിക ബഡ്ജറ്റ് നിയമസഭയിൽ ചർച്ചചെയ്ത് അംഗീകാരം നേടുന്നതിന് വ്യവസ്ഥ ചെയ്യണം. 2021-22 സാമ്പത്തിക വർഷം ആസ്തി വികസന സ്കീമിൽ ലഭ്യമായിട്ടുള്ള ഒരു കോടി രൂപ പ്രത്യേക വികസന നിധിയായി ചെലവഴിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകണം. സംസ്ഥാനത്തിന്റെ കടബാധ്യത ലഘൂകരിക്കുന്നതിന് പുതിയ പദ്ധതികളാവിഷ്കരിക്കണം.

ഡോ. മാത്യു കുഴൽനാടൻ: 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി

സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജി.എസ്.ടി. സംവിധാനം കാര്യക്ഷമമാക്കാൻ കഴിയാത്തതും നികുതി പിരിച്ചെടുക്കുന്നതിലെ പരാജയവും പ്രതിഷേധാർഹമാണ്. ഇതര സംസ്ഥാനങ്ങൾ ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനവ് കൈവരിക്കുമ്പോഴും കേരളത്തിന്റെ സ്ഥിതി വ്യത്യസ്തമാകുന്നത് സംബന്ധിച്ച് പരിശോധിക്കണം.

ശ്രീ. വി. ജോയി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. നന്ദകുമാർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട ജി.എസ്.ടി. വരുമാനം കുറഞ്ഞതും ചില ഉത്പന്നങ്ങളിന്മേലുള്ള നികുതി വെട്ടിക്കുറച്ചതും സംസ്ഥാനവരുമാനത്തെ പ്രതികൂലമായി ബാധിച്ചു. സംസ്ഥാനത്തിന് അർഹമായ നഷ്ടപരിഹാരത്തുക കേന്ദ്രസർക്കാർ നൽകാത്തതും ആയതിന്റെ കാലാവധി അവസാനിക്കാറായതും ആശങ്കാജനകമാണ്. സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി പിരിച്ചെടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. കെ. എം. സച്ചിൻദേവ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. രാജഗോപാലൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ

കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അശാസ്ത്രീയവും ഏകപക്ഷീയവുമായ ജി.എസ്.ടി. ഘടന, നടത്തിപ്പിൽ വന്ന പാളിച്ച, വിവര സാങ്കേതിക സംയോജനത്തിൽ വന്ന കാലതാമസം എന്നിവ നികുതി ചോർച്ചയ്ക്ക് കാരണമായിട്ടുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിച്ചുരുക്കിയതും കോവിഡ് പ്രതിരോധത്തിന് ആവശ്യമായ ധനസഹായം കേന്ദ്രഗവൺമെന്റ് നൽകാത്തതും ആഭ്യന്തര ഉല്പാദനത്തിലും റവന്യൂ വരുമാനത്തിലും കുറവുണ്ടായതും സാമ്പത്തിക പ്രതിസന്ധി വർദ്ധിച്ച സാഹചര്യത്തിൽ വിദേശ മദ്യത്തിന്റെ നികുതിയിൽ വർദ്ധനവ് വരുത്തുന്നതുൾപ്പെടെ സംസ്ഥാന സമ്പദ് വ്യവസ്ഥയെ കരകയറ്റുന്നതിനുള്ള നിർദ്ദേശങ്ങളാണ് ബില്ലിലുള്ളത്.

ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. രമേശ് ചെന്നിത്തല</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിനും വരുമാനം

വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാവുകയാണ്. ജി.എസ്.ടി. നടത്തിപ്പിലെ ന്യൂനതകൾ മറികടക്കുന്നതിനുള്ള യാതൊരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകാത്തത് ഖേദകരമാണ്. പ്രളയസെസിലൂടെ പിരിച്ച തുക വകമാറ്റിയതു സംബന്ധിച്ച് വ്യക്തമാക്കണം. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നികുതി വകുപ്പിനെ കാര്യക്ഷമമാക്കണം. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവിലൂടെ കിട്ടുന്ന അധിക വില്പന നികുതിയുടെ ഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നതും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട കേസുകളിലെ സ്റ്റേ മാറ്റിക്കിട്ടാൻ നിയമനടപടികൾ സ്വീകരിക്കാത്തതും പ്രതിഷേധാർഹമാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കോവിഡിന്റെയും സാമ്പത്തികമാന്ദ്യത്തിന്റെയും പശ്ചാത്തലത്തിൽ അധിക വായ്പയെടുക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി പ്രാബല്യത്തിൽ

വരുത്തുന്നതിനാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഊർജ്ജ മേഖലയെ സ്വകാര്യവൽക്കുന്നതിൽനിന്നും ഉയർന്ന പലിശയ്ക്ക് കടമെടുത്ത് സംസ്ഥാനത്തെ കടക്കെണിയിലാക്കുന്ന നടപടിയിൽനിന്നും പിൻമാറണം. സംസ്ഥാനത്തിന്റെ കടബാധ്യത ഉയരുന്നതിനനുസരിച്ച് മൂലധനച്ചെലവ് വർദ്ധിപ്പിക്കാനോ സാമ്പത്തിക അച്ചടക്കം പാലിക്കാനോ സർക്കാരിന് സാധിക്കുന്നില്ല. കിഫ്ബി പദ്ധതി പ്രവർത്തനങ്ങളിൽ ഓഡിറ്റ് നടത്താത്തത് സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കണം.

ശ്രീ. വി. ശശി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ജി. എസ്. ജയലാൽ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാമ്പത്തിക നയസമീപനത്തിന്റെ ഭാഗമായാണ് സർക്കാർ കടമെടുക്കുന്നത്. മൂലധന ചെലവുകൾക്കായി വിനിയോഗിക്കുന്നതിനാൽ കടം ബാധ്യതയായി സർക്കാർ കാണുന്നില്ല. കഴിഞ്ഞ അഞ്ചുവർഷക്കാലം പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാർ മുന്നേറിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാന പൊതുകടം വർദ്ധിക്കുകയും കോവിഡ്-19 വ്യാപനത്തെ തുടർന്ന്

നികുതിവരുമാനത്തിൽ കുറവുണ്ടാകുകയും ചെയ്തിട്ടുണ്ട്. കിഫ്ബി നിക്ഷേപം ഉൾപ്പെടുത്താതെതന്നെ മൂലധന നിക്ഷേപത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കോവിഡ്മൂലം രക്ഷിതാക്കൾ മരിച്ച കുട്ടികൾക്ക് 3 ലക്ഷം രൂപ ധനസഹായവും വരുമാനദായകർ നഷ്ടപ്പെട്ട ബി.പി.എൽ. കുടുംബങ്ങൾക്ക് 5,000 രൂപ വീതം മൂന്ന് വർഷത്തേയ്ക്ക് പെൻഷനും പ്രഖ്യാപിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 47000 ലാപ്ടോപ്പുകൾ വിതരണ ചെയ്യുകയും ഹയർ സെക്കണ്ടറി സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിന് കർശന നടപടി സ്വീകരിക്കും. ജി.എസ്.ടി. സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിനുള്ള ചർച്ചകൾ പുരോഗതിയിലാണ്. കൺസോളിഡേറ്റഡ് ഫണ്ടിൽ ഉൾപ്പെടുത്താതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് പണം ചെലവഴിക്കാൻ സാധിക്കില്ല. മാനദണ്ഡങ്ങൾ പാലിക്കാൻ സാധിക്കാതെ മുടങ്ങിക്കിടക്കുന്ന കിഫ്ബി പ്രവൃത്തികളിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണ്. മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ സംസ്ഥാന താൽപ്പര്യങ്ങൾക്കുവേണ്ടി ഇടപെട്ടിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

165, 166 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

171, 175, 181, 182, 189, 190, 191, 192, 195, 196, 200, 211, 213, 214, 216, 220, 222, 223, 225, 227, 229, 232, 233, 234, 235, 236, 237, 238, 240, 246, 252, 255, 257 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

261, 270, 272, 274, 276, 278, 280 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

281, 282, 283, 287, 289, 290, 294, 295, 296, 298, 300, 305, 307, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

308, 310, 311, 312, 315, 318, 320 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

323, 326, 328, 329 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

331, 332, 339, 340 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

343, 345, 349 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

357-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

362, 366, 369, 374 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

376, 380, 381, 383 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ്</u>

386, 390, 393 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

395-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

396, 398, 400 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

403, 404, 405 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനേഴാം വകുപ്പ്</u>

409-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

(സഭാ സമ്മേളനത്തിന്റെ നടപടിക്രമം പൂർത്തിയാക്കുന്നതുവരെ സമയം ദീർഘിപ്പിക്കുന്നതിന് സഭയുടെ അനുമതി തേടി.)

<u>പതിനെട്ടാം വകുപ്പ്</u>

410, 412 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊമ്പതും ഇരുപതും വകുപ്പുകൾ</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

പത്തൊമ്പതും ഇരുപതും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊമ്പതും ഇരുപതും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയൊന്നാം വകുപ്പ്

417, 418, 421, 422, 423, 424, 427 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു

ഇരുപത്തൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിരണ്ടാം വകുപ്പ്

428, 430, 432, 441 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിമൂന്നാം വകുപ്പ്

(ഭേദഗതിയില്ല)

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

110, 116, 138, 139, 142, 146, 153, 155, 156, 158 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

153. In Proviso to clause 1(2), for the word " construde" , the word " construed" shall be substituted.

156. In proviso to Clause 1(2), for the words ' in to' the word ' into' shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(ii) 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

113, 120, 122, 123, 124, 125, 126, 127, 130, 131, 132, 133, 134, 135, 136 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(iii) 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

165, 172, 173, 188, 189, 190, 192, 193, 194, 195, 196, 205, 211, 212, 216, 222, 223, 227, 228, 232, 235, 242, 244, 245, 246, 247, 250, 254, 258, 276, 280, 286, 296 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

159. ഖണ്ഡം2(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്4(2)(ബി) യുടെ ക്ലിപ്തനിബന്ധനയി "ഉൽപ്പാദനത്തിന്റെ" എന്നതിന് പകരം "ഉത്പാദനത്തിന്റെ" എന്ന് ചേർക്കുക.

162. ഖണ്ഡം 2 (എ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)യുടെ ക്ലിപ്തനിബന്ധനയിൽ "ധനകമ്മിക്ക്" എന്നതിന് പകരം "ധനകമ്മിയ്ക്ക്" എന്നത് ചേർക്കുക.

166. ഖണ്ഡം 2 (എ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)യുടെ ക്ലിപ്തനിബന്ധനയിൽ "പുറമേ" എന്നതിന് പകരം "പുറമെ," എന്നത് ചേർക്കുക.

230. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "വ്യവസ്ഥയ്ക്ക്" എന്ന വാക്കിനു പകരം

"നിബന്ധനയ്ക്കും" എന്ന വാക്ക് ചേർക്കുക.

261. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)യുടെ കുറിപ്പ് (i)-ൽ " ഉൽപ്പാദനത്തിന്റെ" എന്നതിനുപകരം " ഉത്പാദനത്തിന്റെ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

223. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "ഊർജ്ജമേഖലയിലെ" എന്നതിന് പകരം " ഊർജ്ജ മേഖലയിലെ" എന്ന് ചേർക്കുക.

232. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "വ്യവസ്ഥയ്ക്ക് വിധേയമായി," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ" എന്ന് ചേർക്കുക.

254. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "ഉപയോഗപ്പെടുത്തേണ്ടതുമാണ്" എന്നതിനുപകരം "വിനിയോഗിക്കേണ്ടതുമാണ്" എന്നു ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

302. ഖണ്ഡം 3(2)-ൽ "ആക്റ്റിൻകീഴിൽ"എന്നതിനുപകരം "ആക്ടിൻ കീഴിൽ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

137- ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ

കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## V. റൂളിംഗ്

### പ്രതിപക്ഷ നേതാവിനെതിരെയുള്ള ആരോപണങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: 2021 ഒക്ടോബർ 27-ാം തീയതി നിയമനിർമ്മാണ വേളയിൽ ബഹുമാനപ്പെട്ട പി. വി. അൻവർ നിയമസഭാ നടപടി ചട്ടം 285-ൽ അനുശാസിക്കുംപ്രകാരം മുൻകൂർ നോട്ടീസ് നൽകാതെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെതിരെ വ്യക്തിപരമായ ആക്ഷേപങ്ങൾ ഉന്നയിച്ചതിനെതിരെ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ക്രമപ്രശ്നം ഉന്നയിക്കുകയും ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകാൻ അവസരം നൽകണമെന്നുമാവശ്യപ്പെട്ട് ഒക്ടോബർ 28-ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കത്ത് നൽകുകയും ബഹുമാനപ്പെട്ട അംഗത്തിന്റെ

പരാമർശം സഭാ നടപടിക്രമങ്ങളുടെ ലംഘനമാണെന്ന കാര്യം വ്യക്തമാക്കുകയും ചെയ്തിരുന്നു.

സഭാ കീഴ്വഴക്കങ്ങളും ചട്ടങ്ങളും മുൻ അദ്ധ്യക്ഷന്മാരുടെ റൂളിംഗുകളും വിശദമായി പരിശോധിച്ചതിന്റെയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ ചട്ടം 288 പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണത്തിന് അന്നേ ദിവസം പ്രതിപക്ഷ നേതാവിന് അവസരം നൽകുകയുണ്ടായി. വിശദീകരണത്തിനുശേഷവും ഉന്നയിച്ച ആക്ഷേപങ്ങൾ സഭാരേഖകളിൽനിന്ന് നീക്കം ചെയ്യണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ട സാഹചര്യത്തിൽ ഇക്കാര്യം വിശദമായി ഒന്നുകൂടി പരിശോധിക്കാമെന്ന് അറിയിച്ചിരുന്നു. ചർച്ചയുടെ ഭാഗമായി അംഗങ്ങൾ പരസ്പരം ആക്ഷേപമുന്നയിക്കുന്ന നിരവധി സന്ദർഭങ്ങൾ കഴിഞ്ഞ കാലങ്ങളിൽ സഭയിൽ ഉയർന്നുവരികയും ഇതുസംബന്ധിച്ച് വ്യക്തമായ റൂളിംഗുകളുണ്ടായിട്ടുമുണ്ട്. സഭാതലത്തിൽ ഉയരുന്ന ആക്ഷേപങ്ങളിൽ ചട്ടപ്രകാരമുള്ള വ്യക്തിപരമായ വിശദീകരണം നൽകാൻ ആരോപണ വിധേയരാകുന്ന അംഗങ്ങൾക്ക് അവസരം നൽകി കാര്യങ്ങൾ തീർപ്പാക്കിയ നിരവധി സന്ദർഭങ്ങൾ സഭാ ചരിത്രത്തിലുണ്ടായിട്ടുണ്ട്. ഒരംഗം സഭയിൽ സംസാരിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചും

ഒരാൾക്കെതിരെ ആരോപണമുന്നയിക്കുന്നത് സംബന്ധിച്ചും സഭാ നടപടിചട്ടങ്ങളുടെ ഭാഗമായ "അംഗങ്ങൾക്കുള്ള പെരുമാറ്റ ചട്ടങ്ങളിലെ" ചട്ടം 5-ൽ പതിനാല് മാർഗ്ഗനിർദ്ദേശങ്ങൾ ചേർത്തിട്ടുണ്ട്. "Practice and Procedure of Parliament by M.N. Kaul and S.L. Shakdher" , " കേരള നിയമസഭ നടപടിക്രമവും കീഴ്വഴക്കങ്ങളും" എന്നീ റഫറൻസ് ഗ്രന്ഥങ്ങളിലും ഇക്കാര്യം ആധികാരികമായി പ്രതിപാദിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ നമ്മുടെ സഭയുടെ കഴിഞ്ഞ കുറെ കാലത്തെ നടപടിക്രമങ്ങൾ പരിശോധിച്ചാൽ, ഭരണ-പ്രതിപക്ഷഭേദമെന്യേ പലപ്പോഴും ഒരു ന്യൂനപക്ഷം അംഗങ്ങൾ ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടിട്ടുള്ളതായി കാണാവുന്നതാണ്. സഭാ ചട്ടങ്ങളിലും കീഴ്വഴക്കങ്ങളിലും അംഗങ്ങൾക്കായുള്ള പെരുമാറ്റചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ പാലിക്കാതെയും മുൻകൂട്ടി ചെയറിന് എഴുതി നൽകാതെയും, പ്രത്യേകിച്ച് നിയമനിർമ്മാണ വേളയിൽ, 2021 ഒക്ടോബർ 27-ാം തീയതി നടത്തിയ പ്രസംഗത്തിനിടെ ബഹുമാനപ്പെട്ട പി. വി. അൻവർ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെതിരെ ഉന്നയിച്ച വ്യക്തിപരമായ ആക്ഷേപങ്ങൾ അടങ്ങുന്ന അദ്ദേഹത്തിന്റെ പ്രസംഗഭാഗവും അതേ വിഷയവുമായി ബന്ധപ്പെട്ട് തൊട്ടടുത്ത ദിവസമായ ഒക്ടോബർ 28-ന് സഭയിൽ നടന്ന

ചർച്ചയും നടപടിക്രമങ്ങളും പൂർണ്ണമായും സഭാരേഖകളിൽ നിന്നും നീക്കം ചെയ്യുന്നു.

സഭ ഉച്ചയ്ക്ക് 12.51-ന് പിരിഞ്ഞു.

* * * * * * * * * *